# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1973** **07.12.2015 ന് മറുപടിയ്ക്ക്**

**കെ.എസ്.ബി.സി. സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി.എൻ. പ്രതാപൻ**<br>**,, ബെന്നി ബെഹനാൻ**<br>**,, തേറമ്പിൽ രാമകൃഷ്ണൻ**<br>**,, ജോസഫ് വാഴയ്ക്കൻ :** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) ബിവറേജസ് കോർപ്പറേഷൻ സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) 2012-13 വർഷത്തെ അബ്കാരി നയത്തിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻ സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീമിന്റെ ഭാഗമായി ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകണമെന്ന് നിർദ്ദേശിക്കുകയും തുടർന്ന് സർക്കാർ അനുമതിയോടുകൂടി 2012-13 കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രകാരം 3.5 കോടി രൂപ ഈ ആവശ്യത്തിനായി മാറ്റിവയ്ക്കുകയുണ്ടായി. മൊത്തം തുകയായ 3.5 കോടി രൂപയിൽ നിന്നും സർക്കാർ അനുമതിയോടെ KSBC വിനിയോഗിച്ച/ മാറ്റിവച്ച തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്:- |

| സോഷ്യൽ റസ്പോൺസിബിലിറ്റി സ്കീം പ്രവർത്തനങ്ങൾ | വിനിയോഗിച്ച/ മാറ്റിവച്ച തുക (രൂപ കോടിയിൽ) |
|---|---|
| സർക്കാർ അംഗീകൃത 11 ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിയ തുക. | 1,00,35,840/- |
| കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജിനു നൽകിയ തുക | 30,00,000/- |
| കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിന് സ്മാർട്ട് ക്ലാസ് ആരംഭിക്കുന്നതിന് നൽകിയ തുക | 2,00,000/- |
| അർഹരായ കാഴ്ച വൈകല്യമുള്ളവർക്ക് | 1,50,00,000/- |

| | |
|---|---|
| ബ്രയ് ലി കമ്പ്യൂട്ടർ, വൈറ്റ് കെയ്ൻ എന്നിവ വാങ്ങുന്നതിന് മാറ്റിവച്ചിട്ടുള്ള തുക | |
| ബഹു:ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം മാനസ്സിക വൈകല്യമുള്ള ആൾക്കാർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി മാറ്റി വച്ച തുക | 25,00,000/- |
| കളമശ്ശേരി മെഡിക്കൽ കോളേജിന് അധിക തുക അനുവദിക്കുന്നതിന് മാറ്റിവച്ച തുക | 20,00,000/- |
| ആകെ വിനിയോഗിച്ച/മാറ്റിവച്ച തുക | 3,27,35,840/- |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ അന്ധരായവർക്ക് വൈറ്റ് കെയിൻ നൽകുവാൻ കെ.എസ്.ബി.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ; | (ബി) യും (സി) യും (ഡി) യും | സംസ്ഥാനത്ത് അന്ധരായവർക്ക് വൈറ്റ്കെയ്നും, ബ്രെയ് ലി കമ്പ്യൂട്ടറും നൽകുവാൻ കെ.എസ്.ബി.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് മാനദണ്ഡം നിശ്ചയിച്ച് ജില്ലാ തലങ്ങളിൽ അപേക്ഷകൾ ക്ഷണിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വിദ്യാസമ്പന്നരായ അന്ധ വിദ്യാർത്ഥികൾക്ക് ബ്രെയ്ലി കമ്പ്യൂട്ടർ വിതരണം ചെയ്യുന്നതിന് കെ.എസ്. ബി.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണ്; | | |
| (ഡി) | അന്ധരായവർക്കുള്ള സഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**